# കാടാമ്പുഴ
# എൽ. പി. സ്കൂൾ

# അക്കാദമിക
# മാസ്റ്റർ
# പ്ലാൻ 2025-26

# ആമുഖം

സമൂഹത്തിലെ എല്ലാ വിഭാഗം കുട്ടികളെയും വിദ്യാലയ പഠനപ്രവർത്തനങ്ങളുടെ ഭാഗമാക്കുക എന്ന വിശാലമായ ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ടാണ് അക്കാദമിക മാസ്റ്റർപ്ലാൻ രൂപീകരിച്ചിരിക്കുന്നത്. 2025-26 അധ്യയനവർഷത്തിൽ സ്കൂളിലെ മുഴുവൻ കുട്ടികളെയും ഉൾക്കൊള്ളിച്ചും പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് പ്രാധാന്യം നൽകിയുമുള്ള പഠനപ്രവർത്തനങ്ങളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്.

കുട്ടികളിൽ ഭാഷാവികാസം മെച്ചപ്പെടുത്തുന്നതിന് ലളിതമായ രീതിയിലുള്ള വായന/ലേഖന പ്രവർത്തനങ്ങൾ നൽകാനും പഠനവിടവുകൾ നികത്താനും ലക്ഷ്യമിട്ടുകൊണ്ടാണ് ഭാഷാപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തിരിക്കുന്നത്. ഗണിതത്തെ കൂടുതൽ ആസ്വാദ്യകരമായ വിഷയമാക്കി തീർക്കുന്നതിനും പിന്നോക്കാവസ്ഥയെ പരിഹരിക്കുന്നതിനുമായാണ് ഗണിത പ്രവർത്തനങ്ങൾ തയാറാക്കിയിട്ടുള്ളത്. വായനയ്ക്കും ലേഖനത്തിനും പ്രാധാന്യം നൽകിക്കൊണ്ടാണ് ഇംഗ്ലീഷ്, അറബി പ്രവർത്തനങ്ങൾ തയാറാക്കിയിട്ടുള്ളത്.

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| → പ്രകൃതിനടത്തം നിരീക്ഷണം, അറിവ് നിർമ്മാണം | ടേമിലൊരു ഫീൽഡ് ട്രിപ്പ് | ആവശ്യാനുസരണം | HM ക്ലാസ്ടീച്ചർ CPTA | 1000/- |
| → ശാസ്ത്രമൂല ശാസ്ത്രപഠനം ലളിതവും രസകരവുമാക്കാൻ | ശാസ്ത്ര പുസ്തകങ്ങൾ, സാമഗ്രികൾ ലഘുപരീക്ഷണങ്ങൾ | വർഷം മുഴുവൻ | HM SRG ക്ലാസ്ടീച്ചർ PTA | 750/- |
| → ശാസ്ത്രയാത്ര ശാസ്ത്രപഠനത്തിൽ താല്പര്യം ജനിപ്പിക്കൽ, അന്വേഷണത്വര വളർത്തൽ | ആവാസ വ്യവസ്ഥ, സയൻസ് പാർക്കുകൾ, ജൈവവൈവിധ്യ പാർക്കുകൾ ഔഷധോദ്യാനങ്ങൾ | ആവശ്യാനുസരണം | HM ക്ലാസ്ടീച്ചർ SRG | 1000/- |
| → ഭൂപടം ഒരുക്കൽ കേരളം - ഇന്ത്യ - ഭൂപടം പരിചയം | ഭൂപട വായന, ഭൂപടരചന. സൂചികാനിർമ്മാണം, നിറം നൽകൽ | വർഷത്തിലൊന്ന് | SRG CPTA | 500/- |
| → ശാസ്ത്ര ചുമർ ശാസ്ത്രപഠനം രസകരമാക്കാൻ | ശാസ്ത്ര വാർത്തകൾ, ചിത്രങ്ങൾ ICT പ്രദർശനം | ആവശ്യാനുസരണം | SRG ക്ലാസ്ടീച്ചർ | 500/- |
| → ശാസ്ത്രോത്സവം ശാസ്ത്രപഠനത്തിലൂടെ നേടിയ അറിവുകളുടെ പ്രയോഗം | പതിപ്പ്, ചാർട്ട്, ആൽബം, പഠനോപകരണം, പരീക്ഷണം ഇവയുടെ പ്രദർശനം | വർഷത്തിലൊന്ന് | SRG HM ക്ലാസ്ടീച്ചർ | 1000/- |

അക്കാദമിക മാസ്റ്റർ പ്ലാൻ 2025-26 ക്ലാസ് 4 ഗണിതം

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| → കളിക്കാം ഗണിക്കാം<br>ഗണിതപഠനം രസകരമാക്കൽ (ചതുഷ്ക്രിയകൾ ലളിതമാക്കൽ) | വിവിധതരം കളികൾ ആസൂത്രണം ചെയ്യൽ - നടപ്പാക്കൽ. മൂല്യനിർണയം. (ഡയസ് - സംഖ്യാ നിർമാണം കരുവടങ്ങളി) | വർഷം മുഴുവൻ | SRG ക്ലാസ് ടീച്ചർ PTA | 500/- |
| → ഒറിഗാമിയിലൂടെ പഠിക്കാം<br>ഗണിതശാസ്ത്ര പഠനം രസകരമാക്കൽ - കരചലന ശേഷി വികാസം. | ഒറിഗാമി രൂപങ്ങളുടെ നിർമാണം. | ഉചിതമായ സമയത്ത്. | ക്ലാസ് ടീച്ചർ | 750/- |
| → ഗണിതപ്പെട്ടി<br>ഗണിത പഠനപ്രവർത്തനം സുതാര്യമാക്കൽ | ഗണിതപ്പെട്ടി ഒരുക്കൽ - പഠനത്തിന് ഉപയോഗപ്പെടുത്തൽ | വർഷം മുഴുവൻ | രക്ഷിതാക്കൾ SRG ക്ലാസ് ടീച്ചർ | |
| → ഗണിതച്ചുമർ<br>ഗണിത രൂപങ്ങളുടെ പ്രായോഗിക മൂല്യം തിരിച്ചറിയൽ. | ഗണിതച്ചുമർ ഒരുക്കൽ ഉപയോഗപ്പെടുത്തൽ. | വർഷം മുഴുവൻ | രക്ഷിതാക്കൾ ക്ലാസ് ടീച്ചർ. | 250/- |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തി[illegible] |
|---|---|---|---|---|
| ഗണിതമേള. ഗണിത ശേഷികളുടെ പ്രകടനം. | പ്രശ്നോത്തരി പസിൽ, പാറ്റേൺ പഠന ഉല്പന്നങ്ങളുടെ പ്രദർശനം | വർഷത്തിലൊന്ന് | SRG PTA ക്ലാസ് ടീ[illegible] | 100/- |

അക്കാദമിക മാസ്റ്റർ പ്ലാൻ 2025-26 ക്ലാസ്: IV മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയക്രമം | പിന്തുണാ സംവിധാനം | സാമ്പത്തികം | അവതരണ സന്ദർഭം |
|---|---|---|---|---|---|
| വായന/ലേഖനം ഭാഷാപരമായ പിന്നാക്കാവസ്ഥ പരിഹരിക്കൽ | ലഘുവായനാ കാർഡ്, വായനാസാമഗ്രികൾ ഉപയോഗിച്ച് വായന/ലേഖനം മെച്ചപ്പെടുത്തുന്ന സാധ്യതകൾ പ്രയോജനപ്പെടുത്തൽ- കുട്ടികൾ സ്വയം വായനാ സാമഗ്രികൾ തയാറാക്കൽ വ്യക്തിഗതം/ഗ്രൂപ്പ് (ഭിന്നശേഷിക്കാർക്കും പങ്കാളിത്തം) (പ്രീ-ടെസ്റ്റ് | ജൂൺ ജൂലൈ | Class Tr SRG | Rs. 500/- | ക്ലാസ് |
| ആസ്വാദനപൂർണ്ണമായ വായനാനുഭവം ഉറപ്പാക്കൽ | പാഠപുസ്തകവുമായി ബന്ധപ്പെട്ടും അല്ലാതെയും വിവിധ സന്ദർഭങ്ങളിൽ നൽകാവുന്ന പുസ്തകങ്ങൾ പട്ടികപ്പെടുത്തൽ ക്രമീകരിക്കൽ - വായനാസന്ദർഭം ഒരുക്കൽ | ജൂൺ ജൂലൈ ആഗസ്റ്റ് | Class Tr SRG | | ക്ലാസ് സ്കൂൾ |
| വായിച്ച രചനകളെ കുറിച്ച് ചർച്ച ചെയ്യലിനുള്ള അവസരം രചനകളിൽ കൂടി പോകാൻ അവസരം | വായിച്ച രചനകളെ കുറിച്ച് സ്വതന്ത്രമായി ~~[illegible]~~ ~~[illegible]~~ ~~[illegible]~~ ~~[illegible]~~ വായനാനുഭവം എഴുതാനവസരം | സെപ്തംബർ ഒക്ടോബർ മുതൽ മാർച്ച് വരെ | Class Tr രക്ഷിതാക്കൾ | | ക്ലാസ് സ്കൂൾ അസംബ്ലി സിപിടിഎ |

| ലക്ഷ്യം | പ്രവർത്തനം | സമയക്രമം | ചിന്തന സംവിധാനം | സാമ്പത്തികം | അവതരണ സന്ദർഭം |
| --- | --- | --- | --- | --- | --- |
| എല്ലാ കുട്ടികളുടെയും വീട്ടിൽ ഒരു ലൈബ്രറി ഉറപ്പാക്കൽ | ഓരോ മാസവും കൂടുതൽ ലൈബ്രറി പുസ്തകങ്ങൾ ശേഖരിക്കുന്ന കുട്ടിയ്ക്ക് സമ്മാനം - ടീച്ചറുടെ വക പുസ്തകം പിറന്നാൾ സമ്മാനം | ജൂൺ മുതൽ മാർച്ച് വരെ | Class Tr രക്ഷിതാക്കൾ PTA | Rs. 1500/- | വീട് |
| വായനാനുഭവങ്ങൾ ഉൾപ്പെടുത്തി രചനകളിൽ ഏർപ്പെടൽ | എല്ലാ കുട്ടികളും വായിച്ച പുസ്തകങ്ങളുടെ രചനാ പരിചയം തയാറാക്കൽ | ഫെബ്രുവരി മാർച്ച് | Class Tr രക്ഷിതാക്കൾ PTA | Rs. 2000/- | ജനറൽ ബോഡി |
| | | | | | |

# Academic Master Plan - 2025 - 26 Class : IV English.

| Objectives | Activities | Period | Duties | Source |
| --- | --- | --- | --- | --- |
| · Improving the ability to speak, read and write English effectively. | English Assembly (students) Twice in a week.<br>Pre. test. (At the beginning) | 1 Year | Class teacher | |
| Ability to write English without errors. | Write down simple words. You use daily at home and at school. | 1 year | Class teacher | 300/- |
| To develop creative thinking and writing. | English Theatre. Transforming English lessons into creative skills (skit, drama, role-play...) | Once a month | Class teacher | 300/- |
| Develop creative writing skills | Story book developing.<br>Every three months, a story book is prepared with the children's writings. | Once in 3 months | HM<br>Class teacher<br>PTA | 500/- |
| To develop communicative skills | English day (1 day)<br>Speak in English. | 1 Year | Class teacher | |
| To develop reading skills | English corner (Reading materials) | 1 Year | class teacher<br>PTA | 1000/- |

class : 3.
മലയാളം.

# അക്കാദമിക മാസ്റ്റർ പ്ലാൻ.

## ലക്ഷ്യങ്ങൾ.

* ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ.

## പ്രവർത്തനങ്ങൾ.

- Pre Test.
- അക്ഷരം ഉറപ്പിക്കൽ.
- ചിഹ്നങ്ങൾ ഉറപ്പിക്കൽ.
- വായന കാർഡ് നൽകൽ.
- വാക്കുകൾ, വാക്യങ്ങൾ നിർമ്മിക്കൽ.
- ICT - സാധ്യത പ്രയോജനപ്പെടുത്തിയുള്ള വായന.

(ജൂൺ
ജൂലൈ
ആഗസ്റ്റ്
സെപ്റ്റംബർ)

* കുട്ടിയെ മികച്ച വായനക്കാരനും എഴുത്തുകാരനും ആക്കുക.

- ക്ലാസ്സ് വായനക്കൂട്ടം രൂപീകരിക്കൽ.
- വായനമൂല, ക്ലാസ്സ് ലൈബ്രറി രൂപീകരിക്കൽ.
- പത്രവായന
- അമ്മവായന.
- വായനാനുഭവം പങ്കുവെക്കൽ.
- വായനാക്കുറിപ്പ് പതിപ്പ്.
- വായനാക്കൂട്ടം.
- എഴുത്തുകൂട്ടം രൂപീകരണം.
- പുസ്തക ചർച്ച.
- ആസ്വാദനക്കുറിപ്പ് തയ്യാറാക്കൽ.

(ഒക്ടോബർ
നവംബർ
ഡിസംബർ
ജനുവരി)

- ബാലസഭ.
- സർഗ്ഗ സൃഷ്ടികളുടെ രചന (കഥ, ക...
പ്രകാശനം.

(ഡ...
ഫെബ്രുവരി
മാർച്ച്)

# ACADEMIC MASTER PLAN. English.
class: 3

Aim.

To speak, read and write English without any mistakes.

Time:

June to March.

Activity - 1. Pre-Test.

To check the vocabulary and writing skill of pupil.

June and July.

1. Hellow English activities, games, action songs, Word game.
2. Stories and conversations.

Speaking skills.

1. Identify the naming words and action words from the given pictures.
2. Make simple sentences and Descriptions.
3. Picture reading, Self Introduction. etc.

Reading skills.

Books reading, news paper reading.

August - september.

Writing skills.

Word web, Word chain, sentence chain, Add more line.

Activities.

speech, riddles, Magazines, skit.

October - November.

Reading skills.

News paper reading, library books reading.

Activities.

Book review, news paper reading.

December - January.

To Develop the creative reading and writing.

Story writing, add more lines, book review.

February - March.

Reading skills.

News paper reading, Library books readin

writing skills : story writing, letter wri

# Class: 3 Academic Master plan.

## പരിസരപഠനം

• ലക്ഷ്യങ്ങൾ:-

× ശാസ്ത്രാവബോധം വളർത്തുക

→ പ്രവർത്തനം:-

• pretest.

• കണ്ടെത്താം അറിയാം ലഘു പരീക്ഷണങ്ങൾ കണ്ടെത്തുന്നു. കുറിപ്പുകൾ തയ്യാറാക്കൽ.

ജൂൺ
ജൂലൈ
ആഗസ്റ്റ്

3/6/25 to 13/6/25

* വാഹന സഞ്ചാരം അറിയേണ്ട കാര്യങ്ങൾ
* വ്യക്തി ശുചിത്വം, പരിസര ശുചിത്വം.
* വ്യായാമം
* പൊതുമുതൽ [illegible]

• ലക്ഷ്യങ്ങൾ:-

× പ്രകൃതി വിഭവ സംരക്ഷണം

→ പ്രവർത്തനങ്ങൾ:-

• ജൈവ-വൈവിധ്യ പാർക്ക് തടയണ

• മഴക്കുഴി നിർമ്മാണം

• ജലസ്രോതസ്സുകൾ

• പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളിലെ പങ്കാളിത്തം

സെപ്തംബർ
ഒക്ടോബർ
നവംബർ

• ലക്ഷ്യങ്ങൾ

× ശാസ്ത്ര പരീക്ഷണങ്ങളിൽ താൽപര്യം ജനിപ്പിക്കൽ

→ പ്രവർത്തനങ്ങൾ

• ശാസ്ത്ര പ്രതിഭകളെ അടുത്തറിയാം

• പരീക്ഷണം വീട്ടിനകത്തും സ്കൂളിലും. ശാസ്ത്ര മാസികകൾ നിർമ്മാണം.

ഡിസംബർ
ജനുവരി
ഫെബ്രുവരി
മാർച്ച്

Class: 3 ഗണിതം

# അക്കാദമിക മാസ്റ്റർ പ്ലാൻ

## ആമുഖം

മൂന്നാം ക്ലാസിലെ മുഴുവൻ കുട്ടികൾക്കും 1000 വരെയുള്ള സമഗ്രമായ സംഖ്യാബോധവും ചതുഷ് ക്രിയകൾ ഉറപ്പിക്കുന്നതിനും, പ്രായോഗിക പ്രശ്നങ്ങൾ അപഗ്രഥിക്കുന്നതിനും യുക്തിചിന്ത ഉറപ്പിക്കാനും ഉതകുന്ന തരത്തിലുള്ളതാണ് മാസ്റ്റർ പ്ലാൻ.

## ലക്ഷ്യങ്ങൾ

- നിത്യജീവിതവുമായി ബന്ധപ്പെടുത്തിയുള്ള ഗണിത പഠന പ്രക്രിയകൾ ഒരുക്കുന്നു
- മൂർത്ത വസ്തുക്കളിലൂടെ ഗണിത പഠനാനുഭവങ്ങൾ ആസൂത്രണം ചെയ്ത് കുട്ടികളുടെ യുക്തിചിന്തയും ആത്മവിശ്വാസവും വർദ്ധിപ്പിക്കുക.
- ഗണിതാശയങ്ങൾ കുട്ടികളിൽ എത്തിക്കാൻ പസിലുകൾ, പാട്ടുകൾ, പാറ്റേണുകൾ, കഥകൾ കുസൃതിക്കണക്കുകൾ ഇവ ഉപയോഗപ്പെടുത്തുക
- ഭിന്നതലത്തിലുള്ള കുട്ടികളുടെ ഗണിത നിലവാരം അറിഞ്ഞ് അനുയോജ്യമായ പഠന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക.

കാലയളവ് പ്രവർത്തനം

ജൂൺ - ജൂലായ്

പ്രവർത്തനങ്ങൾ

* എസ്. ആർ. ജി യോഗം
* പ്രീ-ടെസ്റ്റ്
* ക്ലാസ് പി. ടി. എ.
* ഗണിതോപകരണ ശിൽപ്പശാല
* എണ്ണാം എഴുതാം, മുത്തുകൾ കോർക്കാം

ആഗസ്റ്റ് - സെപ്തംബർ

പ്രവർത്തനങ്ങൾ

* കളം നിറക്കാം
* കണ്ടെത്താം കൂട്ടാവാം (സംഖ്യാജോടികൾ കണ്ടെ
* സംഖ്യാവൃക്ഷം
* സംഖ്യകൾ കാണാം കണ്ടു നിറത്താം

ഒക്ടോബർ - നവംബർ

പ്രവർത്തനങ്ങൾ

* മുൻപിലും പിൻപിലും
* ചേർത്തു നിർത്താം ഇടയിലെത്താം
* വലുതും ചെറുതും
* ക്രമത്തിൽ ആക്കാം എണ്ണം പറയാം

ഡിസംബർ - ജനുവരി

* ഉയരാം താഴാം വരിവരിയായ് നിൽക്കാം.
* കാർഡെടുക്കാം കണക്കു കൂട്ടാം
* ഗണിത പസിലുകൾ, ഗാനങ്ങൾ
* സംഖ്യാചേർത്ത് നിറക്കാം.

ഫെബ്രുവരി - മാർച്ച്

പ്രവർത്തനങ്ങൾ

* ഗോലി കളിക്കാം ഉത്തരം കാണാം.
* പ്രശ്നാപഗ്രഥനം
* കുസൃതിക്കണക്കുകൾ
* കൂട്ട് തേടാം.
* സംഖ്യാത്തീവണ്ടിയിൽ കയറാം.

സാമഗ്രികൾ

ഈർക്കിലുകൾ, അബാക്കസ്, സംഖ്യാകാർഡുകൾ മഞ്ചാടിക്കുരു, മുത്തുകൾ, ഡൈസ്, അരവിന്ദ് ഗുപ്ത സ്ഥാനവില സ്ട്രിപ്പ്, പേപ്പർ കപ്പുകൾ, കളി നോട്ടുകൾ, ഗോലികൾ, നാണയങ്ങൾ സംഖ്യാ പോക്കറ്റുകൾ, പോട്ടുകൾ, വർക്ക് ഷീറ്റുകൾ, സംഖ്യാ റിബൺ, വിസിൽ, സംഖ്യാ ടോക്കൺ, ഗെയിം ബോർഡ്, കാർഡുകൾ

ചുമതല

ക്ലാസ് അധ്യാപകർ, SRG

സാമ്പത്തിക - സാമൂഹ്യ പിന്തുണ

SRG, SSA, CPTA

# Academic Masterplan

Class- II
Sub: English

| objectives | Activities | Duration | Duties | source. |
|---|---|---|---|---|
| To develop listening skill | Games, action songs, Hello english activities, conversations, stories using ICT | June July | class teacher SRG | |
| To ~~read~~ speak english without any mistakes | picture discription growing sentences picture reading self introduction Assembly activities | July & August | class Teacher. | |
| To develop reading skills. | Rhyming words describing words text book activities find words, collect and read past tense library book reading | Sep- october. | class Teacher SRG | |

| Objectives | Activities | Duration | duties | Source. |
|---|---|---|---|---|
| writing skills | Make word and word chain, sentence chain riddles, add more lines, conversations descriptions, develop story etc. | August to March | class Teachers | |
| Readers Theatre (English) | Skit, Drama story telling | January March | class Teacher | |
| English corner. | Arrange books in a special corner relating to the level of pupils | February. | class Teacher SMC | |
| English Fest | To make a confidence to handle the English language Reading competition writing competition. etc | March. | class Teacher SMC | |

# അക്കാദമിക മാസ്റ്റർ പ്ലാൻ

Class - II  Sub: Malayalam.

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതലകൾ | സാമ്പത്തികം |
| --- | --- | --- | --- | --- |
| രണ്ടാം ക്ലാസിലെ ഓരോ കുട്ടിയും സന്ദർഭത്തിനനുസരിച്ച് സ്വന്തം ഭാഷയിൽ ആശയങ്ങൾ എഴുതിയും പറഞ്ഞും അവതരിപ്പിക്കുന്നതിനുള്ള ശേഷി നേടുന്നതിന്. | ചിത്രകാർഡുകൾ നൽകൽ കഥാചിത്രങ്ങൾ കാണിച്ച് കഥ നിർമിക്കൽ ഭാഷണത്തിന് മറ്റ് അവസരങ്ങൾ ഒരുക്കൽ. വായനാ സാമഗ്രികൾ നൽകുന്നു. അടിക്കുറിപ്പ് എഴുതൽ കുട്ടിക്കവിതകൾ കേൾക്കൽ വായിക്കൽ. | ജൂൺ | ക്ലാസ് ടീച്ചർ. | |
| കുട്ടികൾക്ക് ആസ്വാദന വായന ഉറപ്പാക്കുന്നു. | ഭാഷയുമായി ബന്ധപ്പെട്ട ധാരാളം ICT സാധ്യതകൾ ഉറപ്പാക്കുന്നു. ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് വായനയുടെ എഴുത്തിന്റെയും സാധ്യത | ജൂലൈ. | ക്ലാസ് ടീച്ചർ | |

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതലകൾ | സാമ്പത്തികം |
|---|---|---|---|---|
| ക്ലാസിലെ എല്ലാ കുട്ടികളെയും തെറ്റില്ലാത്ത ക്ലാസ് നിലവാരത്തിലുള്ള വ്യവഹാരരൂപങ്ങൾ തയ്യാറാക്കാൻ കഴിവുള്ളവരാക്കുക. | ക്ലാസ് ലൈബ്രറി കൂടുതൽ വിപുലപ്പെടുത്തുന്നു. വീട് ലൈബ്രറി ഒരുക്കൽ രക്ഷിതാക്കളുടെ സഹായം ഉറപ്പ് വരുത്തൽ. | ആഗസ്റ്റ് ഒക്ടോബർ | SRG PTA | |
| ~~വിവിധ തരത്തിലുള്ള പതിപ്പ് തയ്യാറാക്കൽ~~ | വിവിധ തരത്തിലുള്ള പതിപ്പ് തയ്യാറാക്കൽ | നവംബർ ഫെബ്രുവരി | | |
| ഭാഷയുടെ വിവിധ തലങ്ങളിലൂടെ ഉയർത്തുന്നതിനുള്ള പ്രവർത്തനങ്ങൾ | വ്യക്തിഗത രചന വീട്ടു വായന കൂട്ടു വായന | മാർച്ച് | SRG PTA | |

മേഖല – അക്കാദമികം

ഉപമേഖല – അറബി

ക്ലാസ് I to IV

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | ക്ലാസ് | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| തെറ്റ് കൂടാതെ വായിക്കുവാനുള്ള കഴിവുണ്ടാക്കുന്നു. | * അക്ഷര വായന | I-II | ജൂൺ-ജൂലൈ | | |
| | * ക്ലാസ് വായന | I-II | ജൂൺ-ഫെബ്രുവരി | | |
| | * ലൈബ്രറി വായന | III-IV | | അധ്യാപകർ | |
| | * ചിത്ര വായന | I-IV | | | |
| | * വീട്ടുവായന | I-IV | ഡിസംബർ | | അധ്യാപകർ |
| | * കഥാ വായന | III-IV | | | PTA |
| | * വായനാ മത്സരങ്ങൾ | II, III, IV | ജൂൺ-മാർച്ച് | | SRG |
| | * മോണിറ്ററിംഗ് | | | | |
| | * വാക്യങ്ങൾ ഉറപ്പിക്കൽ | I-IV | ജൂൺ-മാർച്ച് | | |
| | * വ്യാകരണങ്ങൾ | III-IV | ജൂൺ-മാർച്ച് | | |
| | * ഇ-വായന | I-IV | ജൂൺ-മാർച്ച് | | |
| | * മാഗസിൻ വായന | III-IV | നവംബർ-ഡിസംബർ | | |
| അറബി ഭാഷ സംസാരിക്കുന്നതിന് ആത്മവിശ്വാസം ഉണ്ടാക്കുന്നതിന് | * ഇ-ടെക്സ്റ്റ് ഉപയോഗിച്ച് അതിലുള്ള സംഭാഷണങ്ങൾ കേൾപ്പിക്കുന്നു. | I-IV | ജൂലൈ-മാർച്ച് | അധ്യാപകർ | |
| | * റോൾ പ്ലേ | | | | അധ്യാപകർ |
| | * ക്ലാസ് സംഭാഷണം | I-IV | ആഗസ്റ്റ്-ഫെബ്രുവരി | | PTA |
| | * കാർട്ടൂൺ പ്രദർശനം | I-IV | | | |
| | * പദസമ്പത്ത് വർദ്ധിപ്പിക്കൽ | III-IV | | | |
| അറബി ഭാഷ എഴുത്തിന്റെ പരിപോഷണം. | * അക്ഷരങ്ങൾ ഉറപ്പിക്കൽ | III-IV | ജൂൺ-മാർച്ച് | | |
| | * പദങ്ങൾ ഉറപ്പിക്കൽ | I-II | | | |
| | * ചിഹ്നങ്ങൾ ഉറപ്പിക്കൽ | I-II | ജൂൺ-മാർച്ച് | അധ്യാപകർ | |
| | * കൂട്ടി എഴുത്ത് | I-II | ജൂൺ-മാർച്ച് | | അധ്യാപകർ |
| | * അക്ഷര കാർഡ് നിർമ്മാണം | I-II | | | |
| | * കൈയ്യെഴുത്ത് മാസിക | | ഡിസംബർ-സെപ്തംബർ-മാർച്ച് | | PTA |
| | * ചാർട്ടെഴുത്ത് | III-IV | ഒക്ടോബർ ഫെബ്രുവരി | | |
| | * ചിത്രകഥ നിർമ്മിക്കൽ | | | | |
| Translation | * മലയാളം to അറബി / അറബി to മലയാളം + ചെറിയ വാക്കുകൾ, വാക്യങ്ങൾ | I-IV | ജൂൺ മാർച്ച് | അധ്യാപകർ | |

**ഗുണമേന്മയുള്ള വിദ്യാഭ്യാസം**
**ഓരോ കുട്ടിയുടെയും അവകാശം**

<u>സമഗ്രഗുണമേന്മാപദ്ധതി</u>

# അക്കാദമിക മാസ്റ്റർ പ്ലാൻ
**2025**
**ക്ലാസ് ഒന്ന്**

സ്കൂൾ: കാടാമ്പുഴ. എൽ. പി. സ്കൂൾ
...........................................................................
കുറ്റിപ്പുറം.........................ഉപജില്ല

ക്ലാസ് അധ്യാപിക: ..................................................
ഫോൺനമ്പർ: ..................................................

**ആമുഖം**

ഒന്നാം ക്ലാസിലെ പാഠപുസ്തകം 2024-25 വർഷം പരിഷ്കരിക്കുകയും ഒന്നാം വർഷത്തെ വിനിയാനുഭവങ്ങളുടെ അടിസ്ഥാനത്തിൽ മെച്ചപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. പുതിയ പാഠപുസ്തകങ്ങളുടെ ഭാഗമായി നടപ്പിലാക്കിയ സംയുക്തഡയറി, രചനോത്സവം, പാട്ടരങ്ങ്, വായനോത്സവം എന്നിവയ്ക്ക് നല്ല സ്വീകാര്യതയാണ് ലഭിച്ചത്. വിദ്യാഭ്യാസ മന്ത്രിതന്നെ കുട്ടികളുടെ ഡയറികൾ എഡിറ്റ് ചെയ്ത് കുരുന്നെഴുത്തുകൾ എന്ന പേരിൽ പുസ്തകം പ്രസിദ്ധീകരിച്ചു. ഒന്നാം ക്ലാസിലെ കുട്ടികൾ സ്വതന്ത്രവായനക്കാരായതിന്റെയും പരസഹായമില്ലാതെ തങ്ങളുടെ ആശയങ്ങൾ എഴുതിപ്രകടിപ്പിക്കാൻ കഴിവുനേടിയതിന്റെയും വിളംബരമായിരുന്നു വർഷാവസാനം നടത്തിയ പഠനോത്സവം. വാർഷികപരീക്ഷയിലും കുട്ടികൾ ചോദ്യം തനിയെ വായിച്ച് ഉത്തരം എഴുതുകയുണ്ടായി. ഭാഷാശേഷികളുടെ കാര്യത്തിൽ ഉണ്ടായ മികവ് നിലനിറുത്തുന്നതിനും കൂടുതൽ മെച്ചപ്പെട്ട അവസ്ഥയിലേക്ക് എത്തിക്കുന്നതിനും ആസൂത്രിതമായ പ്രവർത്തനം ആവശ്യമാണ്. അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത് അതിന് വേണ്ടിയാണ്.

വാർഷിക ലക്ഷ്യങ്ങൾ തീരുമാനിച്ച് ഒരു വർഷത്തേക്കുള്ള പ്രവർത്തനപദ്ധതി തയ്യാറാക്കുന്ന രീതിയിലാണ് കഴിഞ്ഞ വർഷം അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കിയത്. ഓരോ മാസത്തെയും പ്രവർത്തനങ്ങളുടെ ഫലപ്രാപ്തിയാണ് വർഷാവസാനം ഉണ്ടാവുക. ഓരോ മാസവും ചിട്ടയായി ലക്ഷ്യമിട്ട പ്രവർത്തനങ്ങൾ നടക്കേണ്ടതുണ്ട്. ഓരോ മാസവും സാധ്യായദിനങ്ങൾ പ്രതീക്ഷിച്ച പോലെ ലഭിക്കണമെന്നില്ല. അപ്പോൾ അനുയോജ്യമായ മാറ്റം വരുത്താൻ കഴിയണം. അതുപോലെ കുട്ടികളുടെ നിലവാരവും വേണ്ട പിന്തുണയും പരിഗണിച്ചും ഭേദഗതികൾ ആവശ്യമാണ്. നിരന്തരവിലയിരുത്തലിന്റെ അന്തസത്തയോട് നീതി പുലർത്തുന്നതിനായി ഈ വർഷം വാർഷിക ലക്ഷ്യങ്ങൾ തീരുമാനിച്ച ശേഷം പ്രതിമാസ ലക്ഷ്യങ്ങളും പ്രവർത്തനങ്ങളും തയ്യാറാക്കുന്ന രീതിയാണ് അവലംബിക്കുന്നത്. ഓരോ മാസവും ക്ലാസ് പി ടി എയിൽ ചർച്ച ചെയ്യുന്നതിനും സഹായകം ഇതാണ്.

**അവസ്ഥാവിശകലനം**

*കുട്ടികളെ സംബന്ധിച്ച വിവരങ്ങൾ*

ഈ അക്കാദമിക വർഷം ഒന്നാം ക്ലാസിൽ ( ....ഡിവിഷനിൽ) ........കുട്ടികളാണ് പ്രവേശനം നേടിയത്. അതിൽ പ്രീപ്രൈമറി, അംഗണവാടി അനുഭവമുള്ളവർ........പേരാണ്. അതിഥിത്തൊഴിലാളികളായ രക്ഷിതാക്കളുടെ മക്കൾ .................. ശാരീരികവും മാനസികവുമായ വെല്ലുവിളി നേരിടുന്നവരായി ..............കുട്ടികളുണ്ട്. ഗോത്രവിഭാഗത്തിൽപ്പെട്ടവർ..................

പ്രവേശനപ്രായത്തിന്റെ അടിസ്ഥാനത്തിൽ പരിശോധിച്ചാൽ ജൂൺ ഒന്നിന് അഞ്ച് വയസായ................... കുട്ടികളും ആറ് വയസ്സായ .............കുട്ടികളും ഒന്നാം ക്ലാസിലുണ്ട്.

*മുൻ വർഷത്തെ പ്രധാന നേട്ടങ്ങൾ*

1.

2

3

4

5

*നേരിട്ട പ്രശ്നങ്ങൾ*

1.

2

3

4

3

5

**വാർഷിക ലക്ഷ്യങ്ങൾ ( മലയാളം)**

1. ചെറുസദസ്സിനു മുമ്പാകെ സങ്കോചമില്ലാതെ തന്റെ അനുഭവങ്ങൾ, ആശയങ്ങൾ, ആവശ്യങ്ങൾ, തനിക്കറിയാവുന്ന കഥകൾ, പാട്ടുകൾ എന്നിവ വാചികമായി പങ്കിടുന്നതിന് കഴിവ് നേടുക
ഓരോ കുട്ടിയും ലഘുബാലസാഹിത്യ കൃതികൾ ഒഴുക്കോടെ വായിക്കാനുള്ള കഴിവ് നേടുക
2. ഓരോ കുട്ടിയും വായിച്ചു മനസ്സിലാക്കിയ കാര്യങ്ങൾ എഴുതിയും പറഞ്ഞും മറ്റു രീതികളിലും പങ്കിടാനുമുള്ള കഴിവ് നേടുക
3. ഓരോ കുട്ടിയും സദസ്സിനു മുമ്പാകെ നിശ്ചിത കാര്യങ്ങൾ ആശയവ്യക്തതയോടെ അവതരിപ്പിക്കാനുള്ള കഴിവ് നേടുക
4. ഓരോ കുട്ടിയും സ്വന്തം ആശയം ഡയറി, വിവരണം, സംഭാഷണം എന്നീ രൂപങ്ങളിൽ എഴുതി പ്രകടിപ്പിക്കാനുള്ള കഴിവ് നേടുക
5. ഓരോ കുട്ടിയും സർഗാത്മക രചന നടത്താനുള്ള കഴിവ് നേടുക
6. ഓരോ കുട്ടിയുടെയും സർഗാത്മക രചനകൾ പുസ്തകരൂപത്തിൽ പ്രസിദ്ധീകരിക്കുക
7. ഓരോ കുട്ടിയുടെയും തെരഞ്ഞെടുത്ത ഡയറികൾ പ്രസിദ്ധീകരിക്കുക
8. ഓരോ കുട്ടിയുടെയും പഠനത്തെളിവുകളടങ്ങിയ വളരുന്ന അഭിമാനരേഖ രൂപപ്പെടുത്തുക

വാർഷിക ലക്ഷ്യങ്ങളിലേക്ക് നയിക്കുന്നതിന് പ്രതിമാസ ലക്ഷ്യങ്ങൾ അനിവാര്യമാണ് എന്ന് ആമുഖത്തിൽ സൂചിപ്പിച്ചിട്ടുണ്ട്. ഓരോ മാസവും ലക്ഷ്യങ്ങളും പ്രവർത്തനങ്ങളും രൂപപ്പെടുത്തുന്ന രീതിയാണ് പിന്തുടരുന്നത്.

**ജൂൺ മാസത്തെ പ്രധാനലക്ഷ്യങ്ങൾ**

1. പൂർണപങ്കാളിത്തമുള്ള ക്ലാസ് പി ടി എ ഉറപ്പാക്കുക
2. എല്ലാ കുട്ടികൾക്കും സ്വതന്ത്രഭാഷണത്തിന് അവസരം സൃഷ്ടിക്കുക.
3. രക്ഷിതാവ് കുട്ടിക്ക് ഭാവാത്മകമായി കഥ വായിച്ചുകേൾപ്പിക്കുന്ന വായനോത്സവം സംഘടിപ്പിക്കുക
4. വായിച്ചുകേട്ട കഥ ക്ലാസിൽ ആശയച്ചോർച്ചയില്ലാതെ ഭാവാത്മകമായി അവതരിപ്പിക്കുന്ന കഥാവേള എല്ലാ ദിവസവും ഉച്ചനേരം ക്ലാസിൽ നടത്തുക
5. ഓരോ ദിവസവും പരിചയപ്പെടുന്ന അക്ഷരങ്ങളും ചിഹ്നങ്ങളും പുതിയ സന്ദർഭത്തിൽ തിരിച്ചറിയാനും വായിക്കാനുമുള്ള വായനക്കാർഡുകളുടെ വായന ( വീട്ടിലും ക്ലാസിലും)
6. പരിചയപ്പെട്ട പാട്ടുകൾ ഒറ്റയ്ക്കും കൂട്ടായും താളമിട്ട് സദസ്സിനു മുമ്പാകെ അവതരിപ്പിക്കുന്ന പാട്ടരങ്ങ് നടത്തുക
7. ഓരോ കുട്ടിയെയും പ്രധാനപഠനലക്ഷ്യത്തിന്റെയും പ്രവർത്തനത്തിന്റെയും അടിസ്ഥാനത്തിൽ സംയുക്ത വിലയിരുത്തൽ നടത്തുക
8. പ്രതിമാസ ഡിജിറ്റൽ പോർട്ട് ഫോളിയോ ക്യു ആർ കോഡിന്റെ സഹായത്തോടെ രക്ഷിതാക്കൾക്ക് ലഭ്യമാക്കുക
9. എല്ലാ കുട്ടികൾക്കും പിന്തുണ ലഭിക്കുന്നതിനും അവർക്ക് തടസ്സമില്ലാതെ നടുത്തളത്തിൽ വന്ന് അവതരണങ്ങൾ നടത്താനും സഹായകമായ വിധത്തിൽ ഒന്നാം ക്ലാസ് ക്രമീകരിക്കുക
10. ഒന്നാം ക്ലാസിന്റെ പഠനാന്തരീക്ഷം ആകർഷകമാക്കുക.

**ജൂൺ മാസ പ്രവർത്തനങ്ങൾ**

1. പൂർണ്ണപങ്കാളിത്ത ക്ലാസ് പി ടി എ
2. വായനോത്സവവും കഥാവേളയും
3. ഒന്നൊരുക്കം ( സന്നദ്ധതാ പ്രവർത്തനങ്ങൾ)
4. വായനക്കാർഡുകൾ
5. …………………
6. സംയുക്ത വിലയിരുത്തൽ

ഓരോ പ്രവർത്തനത്തിന്റെയും ലക്ഷ്യങ്ങളും ഉപപ്രവർത്തനങ്ങളുടെ വിശദാംശങ്ങളും തുടർന്ന് നൽകുന്നു.